അന്തരിച്ചു

ബി.എം. നാരായണൻ നായർ

കാഞ്ഞങ്ങാട് :കർഷക പ്രമുഖനും പൊതു പ്രവർത്തകനുമായ പടിഞ്ഞാറെക്കരയിലെ ബി. എം. നാരായണൻ നായർ (72) അന്തരിച്ചു. പടിഞ്ഞാറെക്കര വിദ്വാൻ പി.കേളുനായർ സ്മാരക വായനശാല പ്രസിഡന്റും എടക്കാൽ ശ്രീ വിഷ്ണുമൂർത്തി ക്ഷേത്ര സമിതി വൈസ് പ്രസിഡന്റും എൻ എസ് എസ് താലൂക്ക് യൂണിയൻ പ്രതിനിധിയുമാണ്. അജാനൂർ ഗവ.മാപ്പിള എൽ പി സ്കൂൾ ക്ഷേമസമിതി ഭാരവാഹിയായിരുന്നു.

ഭാര്യ: എൻ.വി.ബേബി. മക്കൾ: ശ്രുതി (അധ്യാപിക, സദ്ഗുരു സ്കൂൾ), ഹരിശ്രീ (എക്സൈസ് , കാസർകോട്), മരുമക്കൾ: സുനീഷ് പുതുമന (ഇൻഡസ് മോട്ടോർസ്), വി. മനോജ് (ഐ ഡി ബി ഐ പയ്യന്നൂർ). സഹോദരങ്ങൾ: ബി. എം. കുഞ്ഞമ്പു നായർ (വെള്ളിക്കോത്ത്), ബി.എം.കുഞ്ഞിക്കേളു നായർ (പനങ്ങാട്), ബി. എം. പദ്മനാഭൻ നായർ (റിട്ട. കോർപറേഷൻ ബാങ്ക്), ബി. എം. ചന്ദ്രൻ നായർ (പ്രനങ്ങാട്), പദ്മിനി. പരേതരായ കുഞ്ഞിരാമൻ നായർ, ബാലകൃഷ്ണൻ നായർ, കുഞ്ഞികൃഷ്ണൻ പനങ്ങാട്.

നാട്ടക്കൽ മഹമൂദ് ഹാജി

ഉപ്പള: പൗരപ്രമുഖനും അയ്യൂർ ജുമാ മസ്ജിദ് കമ്മിറ്റി പ്രസിഡന്റുമായ കൈക്കമ്പയിലെ നാട്ടക്കൽ മഹമൂദ് ഹാജി (73) അന്തരിച്ചു. ഭീർഘകാലം മുംബൈയിൽ ഹോട്ടൽ വ്യാപാരിയും പിന്നീട് മംഗളൂരുവിൽ മലഞ്ചരക്ക് വ്യാപാരിയുമായിരുന്നു. മുസ്ലീം ലീഗ് അനുഭാവിയാണ്. ഭാര്യ: ഫാത്തിമ ഉപ്പള. മക്കൾ: സഫാൻ, നസീറ, സറീന, ഫിറോസ, കനീസ്, സുൽത്താൻ, ദിൽഷാദ്. മരുമക്കൾ: ഇബ്രാഹിം സീതാംഗോളി, ഷരീഫ് പൈവളിഗെ, ഇസ്മായിൽ ഉടുപ്പി, മുസ്താക്ക് മംഗ്ളൂരു, ഫാരിസ്, സഫാൻ തൊട്ടാൻ തെരുവത്ത്.

ലക്ഷ്മിഅമ്മ

മുള്ളേരിയ: ബളക്കയിലെ പരേതനായ മാധവഭട്ടിന്റെ ഭാര്യ ലക്ഷ്മി അമ്മ (84) അന്തരിച്ചു. മക്കൾ: ശിവകൃഷ്ണഭട്ട് (ബി ജെ പി സംസ്ഥാന കൗൺസിൽ അംഗം, കാംപ്കോഡയറക്ടർ), സത്യശങ്കരഭട്ട്, ശിവരായ ഭട്ട്, പാർവ്വതി, ഉമ, ഗീരഷ. മരുമക്കൾ: വെങ്കട്ര മണഭട്ട്, വിനോദ് കുമാർ, നയന, ഗീത, ശുഭ, അർച്ചന. സഹോദരങ്ങൾ: ദാമോദര ഭട്ട്, ലക്ഷ്മിനാരായണ ഭട്ട്.

കെ.ഭാസ്കരൻ

കാസർകോട് നുള്ളിപ്പാടി സ്വാമി ഗ്യാരേജിലെ സീനിയർ മെക്കാനിക്ക് വിദ്യാനഗർ ടാഗോർ കോളേജിനടുത്തെ രാജശ്രീനിവാസിലെ കെ.ഭാസ്കരൻ (75)അന്തരിച്ചു. കുറേക്കാലമായി ചികിത്സയിലായിരുന്നു. ഭാര്യ: പുഷ്പവല്ലി. മക്കൾ:ശരവണൻ, ഷൺമുഖൻ, രാജശ്രീ. മരുമക്കൾ:ഷഡാനന, ബീന, സജിന. സഹോദരങ്ങൾ: അച്യുതൻ, ജനാർദ്ദന, ചന്ദ്രിക, മൈഥിലി, പരേതരായ ഗോവിന്ദൻ, ലീല.

ദേവകി എം റൈ

ഉപ്പള: സോങ്കാൽ ബളങ്കുടെയിലെ മദനപ്പറൈയുടെ ഭാര്യ ദേവകി എം റൈ(75) അന്തരിച്ചു. മക്കൾ: ഗോപാല, ജനാർദ്ദന, ഉമേശ, മോഹന, ശ്രീധര, ബാലകൃഷ്ണ, ഗുരുനാഥ. മരുമക്കൾ: പത്മാവതി, ഉമാവതി, ജലജാക്ഷി, സുനിത, ദിവ്യ, ചേതന, സൗമ്യ.

വൃദ്ധയെ പുഴയിൽ കാണാതായി; തെരച്ചിൽ തുടരുന്നു

കാഞ്ഞങ്ങാട്: ചൈത്രവാഹിനി പുഴയിൽ കാണാതായ വൃദ്ധയെ കണ്ടെത്താനുള്ള ശ്രമം തുടരുന്നു. കൊന്നക്കാട് മുസ്ലീം കോളനിയിലെ പരേതനായ അന്തുമായിയുടെ ഭാര്യ എം.കബിലത്തു (85)വിനെ ഇന്നലെ രാവിലെയാണ് കാണാതായത്. അന്വേഷിക്കുന്നതിനിടയിൽ ധരിച്ചിരുന്ന വസ്ത്രം പുഴയിലെ ആറ്റുവഞ്ചിയിൽ നിന്നു കണ്ടെത്തി. ഇതോടെയാണ് പുഴയിൽ കാണാതായതായി ഉറപ്പാക്കിയത്. പൊലീസും ഫയർഫോഴ്സും നാട്ടുകാരും ചേർന്ന് തെരച്ചിൽ ഊർജ്ജിതമാക്കിയിട്ടുണ്ട്. എന്നാൽ കുത്തൊഴുക്ക് തെരച്ചിൽ ദുർഘടമാക്കിയിട്ടുണ്ട്. ചെരുമ്പക്കോട്ടെ സ്വന്തം വീട്ടിൽ ഒറ്റയ്ക്കു താമസിച്ചിരുന്ന കബിലത്തുവിനെ അഞ്ചു മാസം മുമ്പാണ് മകൻ ബഷീർ താമസിക്കുന്ന വീട്ടിലേയ്ക്ക് കൊണ്ടുവന്നത്. വെള്ളരിക്കുണ്ട് പൊലീസ് കേസെടുത്തു.

ചൈത്രവാഹിനി പുഴയിൽ നടന്ന തെരച്ചിൽ

കബിലത്തു

മഴ ശക്തമായി; നാങ്കി കടപ്പുറത്ത് 10 കുടുംബങ്ങൾ ദുരിതത്തിൽ

മൊഗ്രാൽ: മഴ ശക്തി പ്രാപിച്ചതോടെ മൊഗ്രാൽ നാങ്കി കടപ്പുറത്തെ 10 വീടുകൾ വെള്ളക്കെട്ടിൽ കുടുങ്ങി.

വർഷങ്ങളായി നാങ്കി കടപ്പുറം പ്രദേശം മഴക്കാലത്ത് വെള്ളത്തിൽ മുങ്ങുക പതിവാണ്. ശാശ്വത പരിഹാരം തേടി പ്രദേശവാസികൾ ബന്ധപ്പെട്ടവരെ സമീപിക്കാറുണ്ടെങ്കിലും നടപടികൾ സ്വീകരിക്കുന്നില്ലെന്ന് ആക്ഷേപമുണ്ട്. കഴിഞ്ഞവർഷം ഏതാനും വീടുകളിൽ വെള്ളം കയറുകയും ചെയ്തിരുന്നു. മഴ കനക്കുന്നതോടെ ഈ വർഷവും അതേ ദുരവസ്ഥ ഉണ്ടാകുമെന്ന് കുടുംബങ്ങൾ ഭയക്കുന്നുണ്ട്. ഇപ്പോൾ തന്നെ വീടിനു ചുറ്റും മഴ വെള്ളം വലിയതോതിൽ കെട്ടിക്കിടക്കുന്നുണ്ട്. ചെറിയ കുട്ടികൾ അടക്കമുള്ള കുടുംബങ്ങളുടെ വീടുകളാണ് വെള്ളക്കെട്ട് ഭീഷണി നേരിടുന്നത്.കോവിഡ്-19 സമ്പർക്ക വ്യാപനം തുടരുന്നതിനിടയിൽ വെള്ളക്കെട്ട് മൂലം മഴക്കാലരോഗങ്ങളും പടർന്നേക്കുമെന്ന ആശങ്കയിലാണ് പ്രദേശവാസികൾ. അതിനിടെ ഡെങ്കിപ്പനി, ടൈഫോയ്ഡ്, വൈറൽ പനി, ന്യൂമോണിയ, കോളറ, മഞ്ഞപ്പിത്തം, എലിപ്പനി തുടങ്ങിയ മഴക്കാല രോഗങ്ങൾക്കെതിരെ ജാഗ്രത പുലർത്താൻ ആരോഗ്യ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. കാലവർഷക്കെടുതി നേരിടുന്ന പ്രദേശങ്ങൾ അധികൃതർ സന്ദർശനത്തിൽ ഒതുക്കാതെ വെള്ളക്കെട്ട് നേരിടുന്ന പ്രദേശങ്ങളിൽ ശാശ്വത പരിഹാരത്തിനായുള്ള പദ്ധതികൾ ആവിഷ്കരിക്കണമെന്നും, ദുരിതം നേരിടുന്ന കുടുംബങ്ങൾക്ക് അടിയന്തര സഹായം ലഭ്യമാക്കണമെന്നും മൊഗ്രാൽ ദേശീയ വേദി ആവശ്യപ്പെട്ടു.

ശക്തമായ മഴയിൽ മൊഗ്രാൽ നാങ്കി കടപ്പുറത്ത് വെള്ളക്കെട്ടിൽ കുടുങ്ങിയ വീടുകൾ.

ജനാർദ്ദന ആശുപത്രി നാളെ തുറക്കുമെന്ന് മാനേജ്മെന്റ്

കാസർകോട്: ഒരാഴ്ചയായി അടച്ചിട്ടിരുന്ന കാസർകോട് ബാങ്ക് റോഡിലെ ജനാർദ്ദന ആശുപത്രി നാളെ മുതൽ തുറന്ന് പ്രവർത്തിക്കുമെന്ന് മാനേജ്മെന്റ് അറിയിച്ചു. ആശുപത്രിയിൽ നേരത്തെ മരണപ്പെട്ട ഒരു രോഗിക്ക് കോവിഡ് സ്ഥിരീകരിച്ചതിനെത്തുടർന്ന് ജില്ലാ മെഡിക്കൽ ഓഫീസറുടെ നിർദ്ദേശ പ്രകാരം ഒരാഴ്ചയായി ആശുപത്രി അടച്ചിട്ടിരിക്കുകയായിരുന്നു. കോവിഡ് മരണത്തെ തുടർന്ന് ആശുപത്രിയിലെ മുഴുവൻ ജീവനക്കാരെയും പരിശോധനയ്ക്ക് വിധേയരാക്കുകയും നാലു പേർക്ക് വൈറസ് ബാധ സ്ഥിരീകരിക്കുകയും ചെയ്തിരുന്നു. ഇവരെ ചികിത്സയ്ക്കു വിധേയമാക്കുകയും ചെയ്തതായി അധികൃതർ അറിയിച്ചു. ആശുപത്രി പ്രവർത്തനം നാളെ പുനഃരാരംഭിക്കുന്നതിനു മുന്നോടിയായി ആശുപത്രിയും പരിസരവും അണുവിമുക്തമാക്കിയതായി കൂട്ടിച്ചേർത്തു.

സ്വാതന്ത്ര്യ ദിനാഘോഷം നടത്തുമ്പോൾ കോവിഡ് നിർദ്ദേശങ്ങൾ പാലിക്കണം: എ ഡി എം

കാസർകോട്: സ്വാതന്ത്ര്യദിനാഘോഷം നടത്തുന്നത് കോവിഡ് നിർദ്ദേശങ്ങൾ പാലിച്ചുവേണമെന്ന് എ ഡി എം എൻ ദേവീദാസ് അറിയിച്ചു. സ്വാതന്ത്ര്യദിനാഘോഷത്തോടനുബന്ധിച്ച് കളക്ട്രേറ്റിൽ ചേർന്ന യോഗത്തിൽ ആധ്യക്ഷം വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്വാതന്ത്ര്യദിന പരേഡിന്റെ ഭാഗമായി മുന്നൊരുക്കങ്ങൾ നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് യോഗം നിർദ്ദേശം നൽകി. സംസ്ഥാന സർക്കാരിൽ നിന്ന് മാർഗ്ഗ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് കൂടുതൽ തീരുമാനങ്ങൾ കൈക്കൊള്ളുമെന്ന് എ ഡി എം കൂട്ടിച്ചേർത്തു.

ലൈഫ്മിഷൻ പദ്ധതിയിൽ മുഴുവൻ ഭവന രഹിതർക്കും അവസരം വേണം

കാസർകോട്: ലൈഫ് മിഷൻ പദ്ധതിയിൽ ഭവന രഹിതരായ എല്ലാ ജനവിഭാഗങ്ങളെയും ഉൾപ്പെടുത്തുന്നതിന് സാഹചര്യമൊരുക്കണമെന്ന് ഇന്ദിരാജി കൾച്ചറൽ ആന്റ് പാലിയേറ്റീവ് ഫോറം ജില്ലാ കമ്മിറ്റി ഗവൺമെന്റിനോട് അഭ്യർത്ഥിച്ചു. ജൂലായ് ഒന്നിന് മുമ്പ് റേഷൻ കാർഡ് ലഭിച്ചവർക്ക് ഇതിൽ അപേക്ഷിക്കാമെങ്കിലും പല ആൾക്കാരുടെയും റേഷൻകാർഡ് കൂട്ടുകുടുംബത്തിലാണ്. കുടുംബത്തിൽ നിന്ന് റേഷൻ കാർഡ് വേർപെടുത്തി അപേക്ഷ നൽകി അതിന്റെ രേഖകളുമായി കാർഡിന്റെ അപേക്ഷകർ വിവിധ താലൂക്ക് സപ്ലൈ ഓഫിസുകളിൽ പോയാൽ പത്രപരസ്യം കണ്ടുവന്നാൽ മതിയെന്ന് പറഞ്ഞ് റേഷൻകാർഡു അപേക്ഷകരെ തിരിച്ചയക്കുന്നു. റേഷൻ കാർഡ് മാനദണ്ഡമൊഴിവാക്കി ലൈഫ് പദ്ധതിയിൽ മുഴുവൻ ഭവന രഹിതരെയും ഉൾപ്പെടുത്തി ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുമ്പോൾ റേഷൻ കാർഡ് ഹാജരാക്കിയാൽ മതിയെന്ന തീരുമാനമെടുത്ത് ഭവനരഹിതരായ മുഴുവൻ ആൾക്കാരെയും ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് യോഗം ആവശ്യപ്പെട്ടു. ജില്ലാ പ്രസിഡ് ഷാനവാസ് പാദൂർ, പി.വി ഉദയകുമാർ, പ്രതാപ് തയ്യിൽ, മജീദ് മാങ്ങാട്, കാദർ മല്ലം, ഹഫീസ് അബ്ദുല്ല, ഷിബു, രൂപേഷ്, നാരായണൻ, പി.സി.നസീർ, ചന്ദ്രൻ കരിപ്പോടി, കമലാക്ഷൻ സംസാരിച്ചു.

ഇന്നത്തെ സ്വർണ്ണവില

ഗ്രാമിന് :5035
പവന് :40280

CITY GOLD
GOLD & DIAMONDS
THE GLOW OF PURITY
KERALA - KARNATAKA
www.citygoldindia.com

കേരളാദിനേശ് ഹൊസ്ദുർഗ് സംഘത്തിന്റെ കീഴിലുള്ള ആലയിൽ നിന്നു 37 വർഷത്തെ സർവ്വീസിനു ശേഷം വിരമിച്ച കെ വി ചന്ദ്രൻ

എ ടി എം കവർച്ചാശ്രമം; ബാങ്കിനു പരാതിയില്ലെന്നു പൊലീസ്

കാസർകോട്: കാസർകോട് മാർക്കറ്റിനടുത്തെ കാനറാ ബാങ്ക് എ ടി എം തകർക്കാൻ നടന്ന ശ്രമത്തെക്കുറിച്ചു പൊലീസ് അന്വേഷണമാരംഭിച്ചു.

എന്നാൽ അതു സംബന്ധിച്ചു ബാങ്കധികൃതർ ഇതുവരെ പരാതി നൽകിയിട്ടില്ലെന്നു പൊലീസ് പറഞ്ഞു.സംഭവത്തെത്തുടർന്ന് എ ടി എം അടച്ചിട്ടിരിക്കുകയാണ്. ഇത് ഇടപാടുകാർക്കു കൂടുതൽ വിഷമമുണ്ടാക്കുന്നു.എ ടി എമ്മിൽ മൂന്നു സി സി ടി വി ക്യാമറകളുണ്ട്. ഇ പരിശോധിച്ചാൽ മോഷ്ടാവിനെക്കുറിച്ചു സൂചന ലഭിച്ചേക്കുമെന്നു കരുതുന്നു.

ദേശീയ തൊഴിലാളി പ്രക്ഷോഭം വിജയിപ്പിക്കണം: സി ഐ ടി യു

കാസർകോട്: കേന്ദ്ര സർക്കാരിന്റെ തൊഴിലാളി വിരുദ്ധ ജനവിരുദ്ധ നയങ്ങൾ പിൻവലിക്കുക, ഇന്ധനവില വർദ്ധന പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് ഗതാഗത മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകളുടെ കോ- ഓർഡിനേഷൻ കമ്മിറ്റി നാളെ നടത്തുന്ന പ്രക്ഷോഭം വിജയിപ്പിക്കണമെന്ന് സി ഐ ടി യു ജില്ലാ കമ്മിറ്റി അഭ്യർത്ഥിച്ചു. യോഗത്തിൽ വി പി പി മുസ്തഫ ആധ്യക്ഷം വഹിച്ചു. ടി കെ രാജൻ സംസാരിച്ചു. അംഗൻവാടി- ആശ ഉച്ചഭക്ഷണ തൊഴിലാളി സംഘടനകൾ 7,8 തീയ്യതികളിൽ നടത്തുന്ന പ്രതിഷേധ സമരം വിജയിപ്പിക്കാനും യോഗത്തിൽ തീരുമാനമായി.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള തുക സി.പി.സി.ആർ.ഐ അധികൃതർ റവന്യൂ മന്ത്രിയെ ഏൽപ്പിക്കുന്നു

മൃഗ ഡോക്ടർമാരുടെ സേവനം രാത്രിയിലും

കാസർകോട്: ജില്ലയിൽ കാറഡുക്ക ഒഴികെയുള്ള ബ്ലോക്കുകളിൽ ഡോക്ടർമാരുടെ രാത്രികാല അവശ്യസേവനം പുനരാരംഭിച്ചു. വൈകുന്നേരം ആറുമുതൽ രാവിലെ ആറുവരെ മൃഗ ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. കാസർകോട് ബ്ലോക്കിൽ ജില്ലാ വെറ്ററിനറി കേന്ദ്രത്തിലാണ് ഡോക്ടർ പ്രവർത്തിക്കുന്നത് (ഡോ. നിതീഷ്. ഫോൺ 9188759071). മഞ്ചേശ്വരം ബ്ലോക്കിൽ മംഗൽപ്പാടി മൃഗാശുപത്രി കേന്ദ്രീകരിച്ചാണ് ഡോക്ടർ പ്രവർത്തിക്കുക (ഡോ. അഭിജിത്ത് -8891910466). കാഞ്ഞങ്ങാട് മൃഗാശുപത്രി കേന്ദ്രീകരിച്ചാണ് കാഞ്ഞങ്ങാട് ബ്ലോക്കിൽ ഡോക്ടർ പ്രവർത്തിക്കുന്നത് (ഡോ. സായൂജ് -9605896802).

നീലേശ്വരം ബ്ലോക്കിൽ ചെറുവത്തൂർ മൃഗാശുപത്രി കേന്ദ്രീകരിച്ചാണ് ഡോക്ടറുടെ സേവനം ലഭ്യമാക്കിയിരിക്കുന്നത്(ഡോ. അവിനാശ് -9645788166). പരപ്പ ബ്ലോക്കിൽ പരപ്പ കേന്ദ്രീകരിച്ചാണ് ഡോക്ടർ പ്രവർത്തിക്കുന്നത്(ഡോ. ധനഞ്ജയ്- 8304053308). രാത്രികാല അവശ്യസേവനങ്ങൾക്കായി ഈ ഡോക്ടർമാരുടെ സേവനം ഉപയോഗിക്കാമെന്ന് മൃഗസംരക്ഷണ വകുപ്പ് ജില്ലാ ഓഫീസർ അറിയിച്ചു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം സഹായം

കാസർകോട്: കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം ശാസ്ത്രജ്ഞന്മാരും ജീവനക്കാരും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 4.85 ലക്ഷം രൂപ കൈമാറി.

കളക്ട്രേറ്റിൽ നടന്ന ചടങ്ങിൽ സി.പി.സി.ആർ.ഐ ഡയറക്ടർ ഡോ.അനിതാ കരുൺ, പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ.സി.തമ്പാൻ, ഡോ.മുരളീധരൻ എന്നിവർ റവന്യൂമന്ത്രി ഇ.ചന്ദ്രശേഖരനു തുക കൈമാറി. ചടങ്ങിൽ ജില്ലാ കളക്ടർ ഡി.സജിത്ബാബു സംസാരിച്ചു.

കഴിഞ്ഞ 24 മണിക്കൂറിൽ ലഭിച്ചത് 46.2375 മില്ലിമീറ്റർ മഴ

കാസർകോട്: ജില്ലയിൽ കഴിഞ്ഞ 24 മണിക്കൂറിൽ 46.2375 മില്ലി മീറ്റർ മഴ ലഭിച്ചു. ജൂൺ ഒന്നിന് കാലവർഷം ആരംഭിച്ചതു മുതൽ ഇതുവരെയായി 2189.9871 മില്ലിമീറ്റർ മഴയാണ് ലഭിച്ചിട്ടുള്ളത്. ഇതുവരെ 5 വീടുകൾ പൂർണ്ണമായും 42 വീടുകൾ ഭാഗികമായും ജില്ലയിൽ തകർന്നിട്ടുണ്ട്.

ആവശ്യമുണ്ട്

ബായാർ ശ്രീ പഞ്ചലിംഗേശ്വര ക്ഷേത്രത്തിൽ ഒഴിവുള്ള താഴെ കൊടുത്തിട്ടുള്ള തസ്തികകളിലേക്കുള്ള നിയമനത്തിനു അർഹരായ, താൽപര്യമുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു.

ഒഴിവുള്ള തസ്തികകൾ		ഒഴിവുകളുടെ എണ്ണം
1 മേൽശാന്തി (പ്രധാന അർച്ചകൻ)	-	1
2. സ്ഥാനികർ	-	1

അപേക്ഷകർ 18നും 45 നും ഇടയിൽ പ്രായമുള്ളവരായിരിക്കണം. താൽപര്യമുള്ളവർ പരിചയം, വിദ്യാഭ്യാസ യോഗ്യത എന്നിവയുൾപ്പെടെയുള്ള വിവരങ്ങൾ വെള്ളക്കടലാസിൽ എഴുതി 18-08-20ന് വൈകിട്ട് 5 മണിക്കു മുമ്പു തപാലിലോ നേരിട്ടോ ക്ഷേത്രം ഓഫീസിലെത്തിക്കണം. താമസിച്ചു കിട്ടുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് ക്ഷേത്രം ഓഫീസിൽ ബന്ധപ്പെടണം.

എന്ന്,
(ഒപ്പ്) എക്സി. ഓഫീസർ, ബായാർ ശ്രീ പഞ്ചലിംഗേശ്വര ക്ഷേത്രം
ഫോൺ: 9895388537

Vol -27, Issue No -136 Edited, Printed and Published by S.Raju at Karaval Daily for Mother Graphics, B-3 Industrial Estates, Vidyanagar, Kasaragod, 671123, Kerala, News: **256225, Office: 256751, 255322, Circulation: 255725, Res:223237** P.B No: 26, E-Mail: karavaldaily@hotmail.com